# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1589 — 10/02/2020-ൽ മറുപടിയ്ക്ക്

### ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതി

| | ചോദ്യം<br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും പായിപ്പാട് പഞ്ചായത്തിലും, വീടും സ്ഥലവും ഇല്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ ഭൂരഹിത ഭവന രഹിതർക്ക് ഫ്ളാറ്റ് നിർമ്മിക്കുവാൻ മുനിസിപ്പാലിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും പായിപ്പാട് പഞ്ചായത്തിൽ ഫ്ളാറ്റ് പണിയാനുള്ള സ്ഥലം നിലവിൽ ഇല്ലാത്തതിനാൽ 2020-21 വർഷത്തെ പദ്ധതിയിൽ സ്ഥലം വാങ്ങാനുള്ള പ്രോജക്ട് ഉൾപ്പെടുത്താൻ കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. |
| ബി) | ഇതുസംബന്ധിച്ച് ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിൽ പോത്തോട് ഭാഗത്ത് ഭവന നിർമ്മാണ പദ്ധതിയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താവുന്ന സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ നിന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | ചങ്ങനാശ്ശേരി മുൻസിപ്പൽ ടൗണിൽ - പോത്തോട് ഫ്ളാറ്റ് സമുച്ചയം പണിയുന്നതിനായി മുനിസിപ്പാലിറ്റി വക 1 1/2 ഏക്കർ ഭൂമി അനുവദിക്കുന്നതിന് 24.12.2019 ന് ചേർന്ന കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട്. |
| സി) | ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതിയുടെ നടപടികൾ സമയബന്ധിതമായി തീർക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതി സമയബന്ധിതമായി തീർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ